# കൂട്ടപ്രാർത്ഥന

## (الفتاوى)

കെ. എം. മൗലവി (ﷺ)

അൽഇർശാദ് شَعْبَان 1343 (പേജ്: 289-299), പുസ്തകം: 1, ലക്കം: 10

[ചോദ്യം]

بسم الله الرحمن الرحيم

അൽഇർശാദ് പത്രാധിപർ അവർകൾക്ക്.

السلام عليكم ورحمة الله وبركاته

മാന്യരെ! ഈ പ്രദേശങ്ങളിലുള്ള ചില പള്ളി സ്ഥലങ്ങളിലും മറ്റും കുറച്ച് കാലങ്ങൾക്ക് ഇപ്പുറം ചില മസ്അലകളെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ തർക്കങ്ങളും വഴക്കുകളും നടന്ന് വരുന്നു. അവയിൽ വളരെ കൂടുതലായി വാദപ്രതി വാദങ്ങൾ നടന്ന് വരുന്ന രണ്ട് മൂന്ന് മസ്അലകളെ സംബന്ധിച്ച് ചില ചോദ്യങ്ങൾ ചോദിക്കുവാനാണ് തൽക്കാലം ഞാൻ വിചാരിക്കുന്നത്. വാദപ്രതിവാദങ്ങളുടെ ഒരു സാമാന്യ രൂപം കൂടി ഇവിടെ കാണിച്ച് കൊള്ളട്ടെ. നമസ്കാരത്തിൽ നിന്നും വിരമിച്ച ഉടനെ ഇമാം തന്റെ സ്ഥാനത്ത് ഇരുന്നുകൊണ്ട് തന്നെ മഅ്മൂമീങ്ങളെയും ചേർത്ത് ഉച്ചത്തിൽ ദുആ ചെയ്ത് വരുന്നത് ഇപ്പോൾ സാധാരണ യാണല്ലോ. നബി(ﷺ) അവർകൾ ഇപ്രകാരം ചെയ്യുകയോ ചെയ്യാൻ കൽപിക്കുകയോ ചെയ്തിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് ഒരു കൂട്ടർ ഈ നടപടി ബിദ്അത്താണെന്ന് വാദിക്കുന്നു. നമസ്കരിച്ച് തീർന്ന ഉടനെ ഇമാം തന്റെ സ്ഥാനത്ത് നിന്ന് മാറുന്നത് അഫ്ളലാണെന്ന് ഫിഖ്ഹ് കിതാബുകളിൽ കാണുന്നതിനെ ഇവർ പ്രത്യേകം ചൂണ്ടി കാണിക്കുകയും ചെയ്യുന്നു. – ഇതൊന്നും സ്വീകരിക്കാതെ ഇപ്പോൾ നടന്ന് വരുന്നതിനെ തന്നെ മുറുകെപിടിച്ചും കൊണ്ട് ചിലർ എതിർവാദം ചെയ്യുന്നു. അവരുടെ എതിർവാദത്തിന്റെ ഒരു രൂപം ഇവിടെ കാണിക്കാൻ പ്രയാസമാണ്. അത്രത്തോളം അവ്യവസ്ഥിതമായ വിധത്തിലാണ് അവരുടെ എതിർവാദം. ചുരക്കം ചില ജുമുഅത്ത് പള്ളികളിൽ ഇമാം ഈ വിധം ദുആ ചെയ്ത് വരുന്ന പതിവിനെ ഉപേക്ഷി ച്ചിട്ടുള്ളതായും അറിയുന്നു..................[1]



ഇങ്ങനെ എല്ലാമാണ് തർക്കങ്ങൾ നടക്കുന്നത്. അതിനാൽ ഈ സംഗതികളെ സംബന്ധിച്ച് അടിയിൽ എഴുതിയിട്ടുള്ള ചോദ്യങ്ങൾക്ക് അൽഇർശാദ് ശരിയായ രേഖകളോട് കൂടി ഒരു മറുപടി എഴുതുന്നതിന്ന് സവിനയം അപേക്ഷിക്കുന്നു.

[1] ഇതിനെ തുടർന്ന് തൽക്വീൻ, ബാങ്ക് വിളിച്ചതിനു ശേഷം കൈ മുത്തുക എന്നിവയെ കുറിച്ചുള്ള തർക്കങ്ങൾ ചോദ്യകർത്താവ് അറിയിക്കുന്നുണ്ട്. ഇവ മറ്റൊരു വിഷയമായതിനാൽ ഇവിടെ ചേർക്കുന്നില്ല.

ചോദ്യങ്ങൾ

(1) ഇമാമായി നിന്ന് നമസ്കരിച്ച് തീർന്ന ഉടനെ നബി(ﷺ) അവർകൾ ആ സ്ഥലത്ത് തന്നെയോ അല്ല മാറിയോ ഇരുന്ന് മഅ്മൂമിങ്ങളെയും ചേർത്ത് ജംഇന്റെ لَفْظُ [വാക്ക്] ഉപയോഗിച്ച് ഉച്ച ത്തിൽ ദുആ ചെയ്തിട്ടുണ്ടോ?.

(2) ഇല്ലെങ്കിൽ ഇപ്പോൾ ഇമാം മഅ്മൂമിങ്ങളേയും ചേർത്ത് ദുആ ഉച്ചത്തിൽ ചെയ്ത് വരുന്നതിന്റെ അടിസ്ഥാനമെന്ത്?.

(3) അങ്ങനെ ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ നല്ലത്?.

(4) ഇങ്ങനെ ചെയ്യുന്നത് ബിദ്അത്താണെന്നും അതുകൊണ്ട് ഇത് ചെയ്തുകൂടാത്തതാണെന്നും ദീനിന്റെ ഉലമാക്കന്മാരിൽ വല്ലവരും പറഞ്ഞിട്ടുണ്ടോ?......................[2]

എന്റെ അപേക്ഷ സ്വീകരിച്ച് അൽഇർശാദിൽ ഈ ചോദ്യങ്ങൾക്ക് മറുപടി എഴുതുമെന്ന് തന്നെയാണ് ഞാൻ ആശിക്കുന്നത്. അങ്ങനെ എഴുതുന്ന മറുപടിയിൽ വല്ല അഭിപ്രായഭേദവും കേരളത്തിലെ ഉലമാക്കളിൽ വിശേഷിച്ച് കേരള ഉലമാസംഘടനകളിലെ ആർക്കെങ്കിലും ഉള്ളപക്ഷം അവർ എത്രയും വേഗത്തിൽ അതിനെ അൽഇർശാദ് മുഖേനയോ മറ്റ് പത്രങ്ങൾ മുഖേനയോ പ്രസിദ്ധമാക്കണമെന്നുകൂടി എനിക്ക് അപേക്ഷയുണ്ട്.

എന്ന്:
ഒരു മുസ്ലിം-പെരുമാളെത്തുറ

الجواب[ഉത്തരം]

اللّٰهُمَّ هِدايَةً الى الصَّوابِ ○

മേൽ കാണിച്ച ചോദ്യങ്ങൾക്ക് جواب[മറുപടി] പറയുന്നതിനുമുമ്പായി ചോദ്യക്കാരനോടും മറ്റ് വായന ക്കാരോടും എല്ലാ സഹോദരങ്ങളോടും ഒരു ഉപദേശം ചെയ്യാൻ വിചാരിക്കുന്നു:- നാം എല്ലാവരും അക്വീദകളിലാവട്ടെ, ഇബാദത്തിലാവട്ടെ മറ്റ് ഏത് വിഷയങ്ങളിലാവട്ടെ അല്ലാഹു(ﷻ)യുടെയും നബി(ﷺ)യുടെയും സർവ പ്രബോധനങ്ങളെയും പൂർണമായി വിശ്വസിക്കേണ്ടതും എല്ലാ ആജ്ഞ കൾക്കും കീഴടങ്ങേണ്ടതും മതസംബന്ധമായ എല്ലാ കാര്യങ്ങളിലും റസൂൽ(ﷺ) തങ്ങളുടെയും സ്വഹാബത്തിന്റെയും സുന്നത്തുകൾ(ആചാരങ്ങൾ) അനുസരിച്ച് عَمَل ചെയ്യേണ്ടതും നമ്മുടെ കടമ യാണ്. നമ്മുടെ അഹ്ലുസ്സുന്നത്തിന്റെ ഉലമാക്കൾ തമ്മിൽ അഭിപ്രായഭേദമുള്ള മസ്അലകളിൽ ഏതൊരു മദ്ഹബ് സ്വീകരിച്ച് عَمَل ചെയ്യുന്നവരെയും ആക്ഷേപിക്കാനോ അവർ മുബ്തദീങ്ങളാ ണെന്ന് വിധിക്കാനോ നമുക്ക് യാതൊരു അവകാശവുമില്ല. റസൂൽ(ﷺ) തങ്ങളുടെയും സ്വഹാബ ത്തിന്റെയും സുന്നത്താണെന്ന് സർവ്വരാലും സമ്മതിക്കപ്പെടുന്ന എല്ലാ കാര്യങ്ങളെയും നിലനിർത്തു വാനും അവയിൽ നിന്ന് നശിച്ചുപോയവരെ ജീവിപ്പിക്കുവാനും ബിദ്അത്താണെന്ന് എല്ലാവരും സമ്മതിക്കുന്ന വിഷയങ്ങളെ സമുദായത്തിൽ നിന്ന് നശിപ്പിക്കുവാനും വേണ്ടി നാം (അഹ്ലുസ്സുന്ന ത്ത് മുഴുവനും) ഒരേ സംഘമായി ചേർന്ന് പ്രയത്നിച്ചുകൊണ്ടിരിക്കേണ്ടതും സർവ മുസ്‌ലിംകളേയും സുന്നത്തിനോട് തുടരുവാനും ബിദ്അത്തുകളെ വിട്ട് ഒഴിയുവാനും ഉത്തമമായ രീതിയിൽ ദഅ്വത്ത് ചെയ്യേണ്ടതും അവരിൽ ഇസ്‌ലാമികമായ ഐക്യത്തെ ഈമാനിയ്യായ أُخُوَّة-ന്നെ [സാഹോദര്യത്തെ] – സംരക്ഷിക്കേണ്ടതും ലോകത്തിനു പൊതുവെ ദഅ്വത്തുൽ ഇസ്‌ലാമിനെ തബ്ലീഗ് ചെയ്യേണ്ടതും ഇവകളെല്ലാം നമ്മുടെ (അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ) ജീവി തോദ്ദേശ്യങ്ങളായി നാം കരുതുന്നുവോ – അതിന്നനുസരണം നാം എപ്പോൾ പ്രവർത്തിക്കുന്നുവോ

[2] തുടർന്ന് തൽക്വീൻ, ബാങ്ക് വിളിച്ചതിനു ശേഷം കൈ മുത്തുക എന്നിവയെ കുറിച്ചുള്ള ചോദ്യങ്ങളാണ്.

അന്ന് മാത്രമേ അഹ്ലുസ്സുന്നത്തി വൽജമാഅത്ത് എന്ന പേരിനെ യഥാർത്ഥമായി നാം അർഹിക്കു ന്നുള്ളു اِعْتِقَادِ-ലും [വിശ്വാസത്തിലും] عَمَلِ-ലും[പ്രവർത്തിയിലും] അഹ്ലുസ്സുന്നത്തി വൽജമാഅത്ത് അപ്പോഴേ ആകുകയുള്ളൂ. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നൽകട്ടെ; ആമീൻ.

അഹ്ലുസുന്നത്തിന്റെ ഇമാമീങ്ങൾ തമ്മിൽ സുന്നത്തെന്നും ബിദ്അത്തെന്നും തർക്കമുള്ള വിഷയ ങ്ങളിൽ ഓരോരുത്തരും പറഞ്ഞിട്ടുള്ള ദലീലുകളെ നാം തേടിനോക്കണം. പക്ഷപാത ബുദ്ധിയെ തീരെ വിട്ടേയ്ച്ച് കഴിയും വിധം ആ ദലീലുകളെ കുറിച്ച് നാം നല്ലവണ്ണം ചിന്തിക്കണം. തന്റെ മന സ്സിന് ഏത് വാക്ക്, ദലീൽ കൊണ്ട് ബലപ്പെട്ടതായി തെളിഞ്ഞുവോ അതിനെ താൻ സ്വീകരിച്ചുകൊ ള്ളണം. എതിർവാദത്തെ സ്വീകരിച്ചവരെ ആക്ഷേപിക്കുവാൻ തനിക്കവകാശമില്ല. നമ്മുടെ സമുദായ ത്തിലെ سَوَادُ الْأَعْظَم- ആയ അഹ്ലുസ്സുന്നത്തിന്റെ ഇജ്മാഓട് ആർ മാറാകുന്നുവോ- റസൂൽ(ﷺ) തങ്ങളുടെയും സഹാബത്തിന്റെയും സുന്നത്തിന്റെ ശരിയോട് ആർ എതിരാകുന്നുവോ, അവരെ മാത്രമേ നമുക്ക് ആക്ഷേപിക്കുവാൻ അവകാശമുള്ളു. ഈ حَدّ-[അതിര്] വിട്ട് ആർ പ്രവർത്തിക്കു ന്നുവോ അവർ സമുദായത്തെ ഭിന്നിപ്പിക്കുന്നവരായിരിക്കും. അല്ലാഹു(ﷻ) ആ കൂട്ടത്തിൽ നമ്മെ ആരെയും കൂട്ടാതിരിക്കട്ടെ. آمين

<u>الجواب عن السّؤال الأوّل [ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം]</u>

ഇമാമായി നമസ്കരിച്ച് തീർന്ന ഉടനെ റസൂൽ(ﷺ) തങ്ങൾ മഅ്മൂമിങ്ങളെയും കൂട്ടി ഈ കാലത്ത് പള്ളികളിലെ ഇമാമീങ്ങൾ ചെയ്തുവരാറുള്ള വിധത്തിൽ (ഇമാമും ജമാഅത്തുമായുള്ള രൂപത്തിലും جَمْع-ന്റ لَفْظ-[വാക്ക്] (ബഹുവചനം) ഉപയോഗിച്ചും جَهْر-[ഉച്ചത്തിലായിട്ടും]) ദുആ ചെയ്തുവരാറ് സാധാരണ പതിവുണ്ടായിരുന്നതായി അറിയപ്പെടുന്നില്ല. മാത്രമല്ല- റസൂലുല്ലാഹി(ﷺ) തങ്ങൾ ഫർള് നമസ്കാരത്തിന്റെ പുറകെയാവട്ടെ സുന്നത്ത് നമസ്കാരത്തിന്റെ പുറകെയാവട്ടെ- ചെയ്തുവന്നിരുന്ന ദുആകളെല്ലാം اِفْرَادِ-ന്റ لَفْظ-[വാക്ക്]കളിലായിട്ടാണ് (ഏകവചനങ്ങളിലായിട്ടാണ്) കാണപ്പെടുന്നത്. പക്ഷേ, യാതൊരവസരത്തിലും ഒരു നമസ്കാരത്തിന്റെ പുറകെയും നബി(ﷺ) ചെയ്തിരുന്ന യാതൊരു ദുആയും اِفْرَادِ-ന്റ لَفْظ-ൽ ആയിരുന്നില്ലെന്ന് തീർത്തുപറയുവാൻ നിവൃത്തി യില്ല. കാരണം റസൂൽ(ﷺ)പ്രാർത്ഥനയിൽ അധികവും ' اللَّهُمَّ آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ ' എന്നായിരുന്നുവെന്ന് അനസ്(رضي الله عنه) പറഞ്ഞിരിക്കുന്നതായി സ്വഹീഹൈനിയിൽ രിവായത്ത് ചെയ്യപ്പെ ട്ടിരിക്കുന്നു. اذكار النووى، ص 56 നോക്കുക

പക്ഷേ, നവവി ഇമാം ഈ രിവായത്തിനെ വല്ല ദുഃഖങ്ങളും സങ്കടങ്ങളും നേരിടുകയോ മനസ്സിന് വിചാരം ഉണ്ടാകുന്ന മറ്റു വല്ല പ്രധാന കാര്യങ്ങളും ഉണ്ടാകുകയോ ചെയ്യുമ്പോഴുള്ള ദുആയുടെ ബാബിലാണ് ഉദ്ധരിച്ചിട്ടുള്ളത്.

എന്നാൽ ഇമാമിനും ജനങ്ങൾക്കും ഒരു അപകടത്തിൽ നിന്നുള്ള രക്ഷയ്ക്ക് വേണ്ടിയോ മറ്റോ ദുആ ചെയ്യേണ്ടതായ സന്ദർഭം നേരിടുകയും അതിന്നായി എല്ലാവരും കൂടി നമസ്കാരത്തിന്റെ പുറ കെയുള്ള ദുആയ്ക്ക് اِجَابَة [ഉത്തരം] കിട്ടുവാൻ ഏറ്റവുമധികം ആശയുള്ളത് കൊണ്ട് നമസ്കാര ത്തിന്റെ പുറകെ ദുആ ഇരക്കുവാൻ തീരുമാനിക്കുകയും ചെയ്യുകയാണെങ്കിൽ അതിന്ന് ദീനിൽ യാതൊരു വിരോധവും വന്നിട്ടില്ല. അപ്പോൾ മഅ്മൂമീങ്ങൾ തന്റെ ദുആക്ക് ആമീൻ ചൊല്ലണം എന്ന് ഇമാമിന് ആവശ്യമുള്ളപക്ഷം ഇമാം ദുആഇനെ جَهْر-ആക്കുകയും [ഉച്ചത്തിലാക്കുകയും] വേണം. إعانة الطّالبين جزء أوّل ص 178-ലെ

**فإن أراد** (اى الامام) **ذلك** (اى تعليم الحاضرين او تثمينهم لدعائه ) **جهر بهما**

എന്ന വാക്ക് നോക്കുക. ഇമാമിന്റെ ദുആ കേട്ട് കൊണ്ടിരിക്കുന്ന മഅ്മൂം ആമീൻ ചൊല്ലലും സുന്നത്തുണ്ട്. فتح المعين –ലെ وتأمين مأموم سمع دعاء الإمام وإن حفظ ذلك എന്ന് പറഞ്ഞിട്ടുള്ളതും അതിന്റെ حاشية –ൽ [അഥവാ] اعانة الطّالبين جزء اوّل ص 179–ലെ أى وسنّ تأمين مأموم سمع دعاء إمامه എന്ന വാക്കും നോക്കുക.

<u>الجواب عن السّؤال الثّاني [രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം]</u>

റസൂലുല്ലാഹി(ﷺ) തങ്ങളോ സ്വഹാബത്തോ ഇങ്ങനെ (നമ്മുടെ രാജ്യങ്ങളിൽ പള്ളികളിലെ ഇമാമീങ്ങൾ മഅ്മൂമീങ്ങളെയും ചേർത്ത് جَهْر–ആയിട്ട് (ഉച്ചത്തിൽ) ദുആ ചെയ്തു വരുന്നതു പോലെ) സാധാരണയായി ചെയ്തു വന്നിരുന്നുവെന്നോ അങ്ങനെ ചെയ്യുവാൻ കല്പിച്ചിട്ടുണ്ടെന്നോ അറിയപ്പെടാത്തതുകൊണ്ടും, حَاضِر–ഈങ്ങൾക്ക് [ഹാജരായവർക്ക്] ദിക്റിനെയും ദുആയെയും പഠിപ്പിക്കുവാനോ അവർ തന്റെ ദുആയ്ക്ക് ആമീൻ ചൊല്ലുവാനോ ഉദ്ദേശിച്ചിട്ടുള്ള ഇമാം അവയെ جَهْر–ആക്കിക്കൊള്ളണം [ഉച്ചത്തിലാക്കിക്കൊള്ളണം]. ഇമാമിന്റെ ദുആ കേൾക്കുന്ന മഅ്മൂം ആമീൻ ചൊല്ലുകയും വേണം. ഇമാമിന് ഇങ്ങനെ ഉദ്ദേശ്യമില്ലാത്തപക്ഷം അദ്ദേഹം ദിക്റിനെയും ദുആയെയും سِرّ–ആക്കികൊള്ളണം [പതിഞ്ഞ സ്വരത്തിലാക്കികൊള്ളണം], എന്നിങ്ങനെ فتح المعين–ൽ ഈ വിഷയത്തെ ഇമാമിന്റെ ഉദ്ദേശ്യം പോലെ ചെയ്യുവാനായി അനുവദിച്ചിട്ടുള്ളതല്ലാതെ മഅ്മൂമീങ്ങളെയും ചേർത്ത് جَمْع–ന്റ لَفْظ–[വാക്ക്] ഉപയോഗിച്ചുകൊണ്ട് جَهْر–[ഉച്ചത്തിൽ] ആയിട്ട് തന്നെ ഇമാം നിസ്കാരത്തിന്റെ പുറകെ ദുആ ചെയ്യുന്നത് സുന്നത്താണെന്ന് നാം പരിശോധിച്ചിട്ടുള്ള യാതൊരു ഫിഖ്ഹിന്റെ കിതാബുകളിലും പറഞ്ഞുകാണാത്തതുകൊണ്ടും നമ്മുടെ രാജ്യങ്ങളിൽ സാധാരണയായി مَشْرُوعَة–ത്തായ [ദീനിൽ സ്ഥിരപ്പെട്ട] സുന്നത്ത് എന്ന പോലെ നടന്നുവരുന്ന ഈ നടപടിക്ക് വല്ല اَصْل–ഉം [അടിസ്ഥാനവും] ഉണ്ടെന്ന് പറയുവാൻ മാർഗ്ഗം കാണുന്നില്ല. ദിക്റിനെയും ദുആനെയും سِرّ–ആക്കുന്നതിനും [പതിഞ്ഞ സ്വരത്തിലാക്കുന്നതിനും] جَهْر–[ഉച്ചത്തിൽ] ആക്കുന്നതിനും اَصْل–[അടിസ്ഥാനം] ഉണ്ടായിരിക്കും. ഖുനൂത്തിന്റെ ദുആഇനെ جَمْع–ന്റ لَفْظ–[വാക്ക്] കൊണ്ട് جَهْر–[ഉച്ചത്തിൽ] ആക്കി ഇമാം ദുആ ഇരക്കുകയും മഅ്മൂമീങ്ങൾ ആമീൻ ചൊല്ലുകയും ചെയ്യുന്നത് പോലെ. ഇമാമും ജമാഅത്തുമായ വിധത്തിൽ– നമസ്കാരത്തിന്റെ പുറകെയുള്ള ദുആഇനെയും ചെയ്യണമെന്ന് തന്നെ എല്ലാ പള്ളികളിലെ ഇമാമീങ്ങളും നിഷ്ഠവെക്കുകയും അങ്ങനെ ചെയ്തില്ലെങ്കിൽ അതിനെ ആക്ഷേപാർഹമായി പൊതുജനങ്ങൾ വിചാരിച്ച് വരികയും ചെയ്യുന്ന ഈ നടപടിക്ക് اَصْل–[അടിസ്ഥാനം] ഉണ്ടെന്ന് പറയുവാൻ മാർഗ്ഗം കാണുന്നില്ല.

<u>الجواب عن السّؤال الثّالث [മൂന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം]</u>

ഇമാമിന് اَفْضَل (ഏറ്റവും നല്ലത്) അദ്ദേഹത്തിന്റെ പിന്നിൽ സ്ത്രീകൾ ഇല്ലാത്തപക്ഷം അദ്ദേഹത്തിന്റെ സലാമിന്റെ ഉടനെ താൻ നിസ്കരിച്ച സ്ഥലത്ത് നിന്ന് എഴുന്നേൽക്കുന്നതാകുന്നു. അതിന് താൻ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ തന്റെ വലത്ത് ഭാഗം മഅ്മൂമീങ്ങളുടെ നേരെയും ഇടത്ത് ഭാഗം മിഹ്റാബിന്റെ നേരെയും ആകുന്നതാണ് സുന്നത്ത്.

وعبارة التّحفة : والافضل للامام اذا سلّم ان يقوم من مصلاة عقب سلامه اذا لم يكن خلفه نساء فان لم يرد ذلك فالسنّة له ان يجعل – يمينه للمأمومين ويساره للمحراب ..ا ه بحذف ص 104،105 جزء ثانى ا ه

എന്നാൽ ഏതേത് ദിക്റുകൾ നമസ്കാരത്തിൽ ഇരുന്നിരുന്ന ഇരിപ്പിൽ നിന്ന് തെറ്റുന്നതിന്റെ മുമ്പായി ചൊല്ലുന്നതിന് പ്രത്യേകം فَضْل [ശ്രേഷ്ഠത] ഉള്ളതായി ഹദീസുകളെകൊണ്ട് ثُبُوت ആയി

ട്ടുണ്ടോ [സ്ഥിരപെട്ടിട്ടുണ്ടോ] – സുബ്ഹി, മഗ്‌രിബ്, അസർ[3] ഈ നമസ്കാരങ്ങളുടെ പുറകെ പത്ത് പ്രാവശ്യം لاَ إِلَهَ إِلاَّ اللَّهُ وَحْـدَهُ لاَ شَرِيـكَ لَهُ لَهُ الْمُلْـكُ وَلَهُ الْحَمْـدُ يُحْـيِي وَيُمِيـتُ وَهُـوَ عَلَى كُلِّ شَيْءٍ قَـدِيرٌ എന്ന് ചൊല്ലുന്നതും ജുമുഅന്റെ പുറകെ ഫാതിഹ, ഇഖ്‌ലാസ്, മുഅവ്വിദതൈൻ ഇവകളെ ഏഴ് പ്രാവശ്യം[4] ഓതുന്നതും പോലെ– ആ ദിക്റുകൾ ഈ ഹുക്മിൽ നിന്ന് مُسْتَثْنَى (വ്യത്യസ്തം) ആണെന്നാണ് ഇബ്നു ഖാസിമും(ﷺ) ശർവാനിയും(ﷺ) മറ്റും പറഞ്ഞിട്ടുള്ളത്. റസൂൽ(ﷺ) തങ്ങൾ സുബ്ഹ് നമസ്കരിച്ചാൽ നമസ്കരിച്ച സ്ഥലത്ത് തന്നെ സൂര്യൻ ഉദിക്കുന്നതുവരെ ദിക്റ് ചൊല്ലിയും കൊണ്ട് ഇരിക്കുക പതിവായിരുന്നു വെന്ന് സ്വഹീഹായി വന്നിട്ടുള്ളതിൽ ഈ ഹുക്മിൽ നിന്ന് (സലാമിന്റെ ഉടനെ എഴുന്നേൽക്കണം എന്ന ഹുക്മിൽ നിന്ന്) സുബ്ഹി നമസ്കാരം مُسْتَثْنَى [വ്യത്യസ്തമാണെന്ന്] شرح العباب–ൽ ഇബ്നുഹജർ(ﷺ) പറഞ്ഞിരിക്കുന്നുവെന്നും ഇബ്നുഖാസിം, ശർവാനി(ﷺ) ഇവ രണ്ടാളും പറയുന്നു, التحفة جزء 2 ص 104،105 നോക്കുക. ഏതായിരുന്നാലും ഇമാം മഅ്മൂമീങ്ങളെ ചേർത്ത് جَمْع–ന്റ لَفْظ–[വാക്ക്] ഉപയോഗിച്ച് جَهْر–[ഉച്ചത്തിൽ] ആയിട്ട് തന്നെ ദുആ ചെയ്യണമെന്ന് യാതൊരു കിതാബിലും കൽപിച്ചതായി കാണുന്നില്ല. ഇങ്ങനെ സാധാരണയായി ചെയ്തുവരുന്നതുകൊണ്ട് ഈ നടപടി ഒരു خَاص–ആയ (പ്രത്യേകമായ) സുന്നത്താണെന്ന് പൊതുജനങ്ങൾ മനസ്സിലാക്കുവാൻ സംഗതിയുണ്ട് [സാധ്യതയുണ്ട്]. അതിനാൽ دَائِم–ആയി [പതിവായി] ഇങ്ങനെ ചെയ്യാതിരിക്കൽ നല്ലതാണെന്ന് തീർച്ചതന്നെ. والله اعلم

<u>الجواب عن السّؤال الرّابع [നാലാമത്തെ ചോദ്യത്തിന്റെ ഉത്തരം]</u>

ഇങ്ങനെ ചെയ്യുന്നത് ബിദ്അത്താണെന്നും അതിനാൽ ഇത് ഉപേക്ഷിക്കേണ്ടതാണെന്നും മാലികി മദ്ഹബിലുള്ള ഇമാം ശാത്വിബി(ﷺ) അവരുടെ اِعْتِصام–ൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, اِعْتِصام തൽക്കാലം ഇവിടെ ഇല്ലാത്തത്കൊണ്ട് عِبارَة [ഉദ്ധരണി] എഴുതുവാൻ നിവൃത്തിയില്ല.

[5]…. ഈ ഒമ്പത് سُؤال–കളുടെയും [ചോദ്യങ്ങളുടെയും] جَوَابُ–കൾ [മറുപടികൾ] കേരളത്തിലെ ഉലമാക്കൾ വായിച്ച് നോക്കി ഈ വിഷയങ്ങളിൽ അവർക്ക് എതിരാഭിപ്രായമുള്ളപക്ഷം അതിനെ ഞങ്ങളെ അറിയിക്കുവാൻ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അല്ലാഹു(ﷻ) നമുക്കെല്ലാവർക്കും റസൂൽ(ﷺ) തങ്ങളുടെയും സ്വഹാബത്തിന്റെയും സുന്നത്ത് അനുസരിക്കുവാൻ തൗഫീഖ് നൽകട്ടെ. آمين

---

[3] ശൈഖ് അൽബാനി(ﷺ) ഈ ഹദീസ് حسن لغيره എന്ന് അദ്ദേഹത്തിന്റെ صحيح الترغيب والترهيب എന്ന ഗ്രന്ഥത്തിൽ(472) പ്രസ്താവിച്ചിരിക്കുന്നു.

[4] മുകളിൽ സൂചിപ്പിച്ച സൂറത്തുകൾ ജുമുഅ നമസ്കാരത്തിന് ശേഷം ഏഴ് പ്രാവശ്യം ഓതുക എന്ന കൽപനയുള്ള ഹദീസുകൾ (ضعيف) **ദുർബലമാകുന്നു.** കൂടുതൽ അറിയുവാൻ ശൈഖ് അൽബാനി(ﷺ)യുടെ سلسلة الأحاديث الضعيفة والموضوعة എന്ന ഗ്രന്ഥത്തിൽ(4129) നോക്കുക.

[5] ഇതിനു ശേഷമുള്ള അഞ്ച് ചോദ്യങ്ങളുടെ മറുപടി ഈ വിഷയവുമായി ബന്ധമില്ലാത്തതിനാൽ അത് ഇവിടെ ചേർക്കുന്നില്ല.

[ചോദ്യം] അൽമുർശിദ് പത്രാധിപർ അവർകൾക്ക്.

السلام عليكم

മാന്യരെ,



നമ്മുടെ നാടുകളിൽ ഇന്ന് നടപ്പിലിരിക്കുന്ന ഇമാമും ജമാഅത്തുമായി നമസ്കരിച്ച് കഴിഞ്ഞതിൽ പിന്നെ ഇമാം മഅ്മൂമീങ്ങളെയും ചേർത്ത് جمع-ന്റെ لَفْظ (വാക്ക്) ഉപയോഗിച്ച് കൊണ്ട് ദുആ ചെയ്യുന്ന സമ്പ്രദായത്തെ കുറിച്ച് ഇവിടെ ചിലരുടെ ഇടയിൽ ചില ചില്ലറ വാദപ്രതിവാദം തുടങ്ങിയിട്ട് കുറച്ച് ദിവസമായി. ചിലർ جمع-ന്റെ لَفْظ(വാക്ക്) ചേർക്കാതെകണ്ട് ദുആ ഇരക്കാൻ പാടില്ലെന്നും മറുകക്ഷി جمع-ന്റെ لَفْظ(വാക്ക്) ഉപയോഗിച്ച്കൊണ്ട് ദുആ ചെയ്യാൻ പാടില്ലെന്നും അത് റസൂൽ(ﷺ)ന്റെ നടപടിക്ക് വിരുദ്ധമാണെന്നും പറയുന്ന جمع-ന്റെ لَفْظ(വാക്ക്) ചേർക്കാതെ കൊണ്ട് ദുആ ചെയ്യാൻ പാടില്ല എന്ന് പറയുന്നവർ ഇങ്ങനെയുള്ള ഒരു ഹദീസും രേഖയായി കാണിക്കുന്നുണ്ട്.

ഹദീസ് ഇതാണ്:

قَالَ رَسُولُ اللّٰهِ (ﷺ): ثَلَاثٌ لَا يَحِلُّ لِأَحَدٍ أَنْ يَفْعَلَهُنَّ: لَا يَؤُمُّ رَجُلٌ قَوْمًا فَيَخُصَّ نَفْسَهُ بِالدُّعَاءِ دُونَهُمْ، فَإِنْ فَعَلَ فَقَدْ خَانَهُمْ، وَلَا يَنْظُرُ فِي قَعْرِ بَيْتٍ قَبْلَ أَنْ يَسْتَأْذِنَ، فَإِنْ فَعَلَ فَقَدْ دَخَلَ، وَلَا يُصَلِّ وَهُوَ حَقِنٌ حَتَّى يَتَخَفَّفَ

ഈ ഹദീസ് വെളിപ്പെട്ടതോട് കൂടി جمع-ന്റെ لَفْظ(വാക്ക്) ചേർത്ത് ദുആ ചെയ്യാൻ പാടില്ല എന്ന് വാദിച്ച കക്ഷികൾ മൗനം ദീക്ഷിക്കേണ്ടതായും വന്നിട്ടുണ്ട്. അതുകൊണ്ട് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഒരു മറുപടി തന്ന് ഞങ്ങളുടെ സംശയത്തെ അകറ്റിത്തരുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

1. റസൂൽ തിരുമേനിയും സ്വഹാബത്തും جمع-ന്റെ لَفْظ(വാക്ക്) ഉപയോഗിച്ച് ഉറക്കെ ആക്കിയും കൊണ്ടാണോ ദുആ ചെയ്യാർ പതിവായി അല്ലെങ്കിൽ അവരുടെ ദുആന്റെ കർമം എങ്ങനെയായിരുന്നു?

2. جمع-ന്റെ لَفْظ ചേർത്തും, ഉച്ചത്തിൽ ആക്കിയും കൊണ്ട് ദുആഅ് ചെയ്യണമെന്നാണോ ഫിഖ്ഹിന്റെ കിതാബുകളുടെ വെപ്പ്? അല്ലെങ്കിൽ ഏത് മാതിരിയിലാണ്?

3. നമസ്കരിച്ചുടനെ സ്ഥലം വിടുന്നതോ അതോ അവിടെ തന്നെ ഇരുന്ന് ദുആ ചെയ്ത് കഴിഞ്ഞതിൽ പിന്നെ സ്ഥലം വിടുന്നതോ ഏതാണ് ഉത്തമം?. അഥവാ റസൂൽ തിരുമേനിയും സ്വഹാബത്തും എങ്ങനെയാണ് ചെയ്തത്?.

4. മേൽ ഉദ്ധരിച്ച മാതിരിയുള്ള ഒരു ഹദീസ് ഉണ്ടോ? ആ ഹദീസിന്റെ അർത്ഥം എന്ത്?. അങ്ങനെ ഹദീസ് ഉണ്ടെങ്കിൽ അത് പ്രമാണ യോഗ്യമാണോ?

എന്ന്,

അബ്ദുറസാക്ക് 14/5/36 (ഉദുമ)

الجواب [ഉത്തരം]

اللّٰهُمَّ هِدايةً الى الصَّوابِ ○

1.

﴿ ٱدْعُوا۟ رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ إِنَّهُۥ لَا يُحِبُّ ٱلْمُعْتَدِينَ ﴿٥٥﴾ ﴾ الأعراف: ٥٥

(നിങ്ങളുടെ രക്ഷിതാവിനോട് താഴ്മയായും രഹസ്യമായും പ്രാർത്ഥിക്കുവിൻ. അതിരുവിട്ട് നടക്കുന്നവരെ നിശ്ചയമായും അവൻ സ്നേഹിക്കുകയില്ല.)

എന്ന കൽപന അനുസരിച്ച് അടുത്തുള്ളവർക്കല്ലാതെ കേൾക്കുവാൻ നിവർത്തിയില്ലാത്ത വിധത്തിൽ ആയിട്ട് ദുആ ഇരക്കലായിരുന്നു നബി(ﷺ)യുടെയും സ്വഹാബത്തിന്റെയും സുന്നത്ത് (സാധാരണ നടപ്പ്). ഇതേ പോലെ തന്നെ നബി(ﷺ) നമസ്കാരത്തിൽ നിന്ന് സലാം ചൊല്ലിയ ഉടനെ സാധാരണയായി ദുആ ചെയ്തതായും ദുആ ചെയ്യുവാൻ സ്വഹാബത്തിന് പഠിപ്പിച്ചതായും വന്നിരിക്കുന്നു. വാകൃങ്ങളിൽ مُتَكَلِّم–ന്റെ ضَمِير–കളെല്ലാം مُفْرَدُ–കളായിട്ടാണ് കാണുന്നത്.

2.

മഅ്മൂമീങ്ങളെ പഠിപ്പിക്കുവാൻ ഇമാം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവൻ ദിക്റും ദുആയും جَهْر–ആക്കണം (ഉച്ചത്തിൽ ആക്കണം). അല്ലെങ്കിൽ سِرّ–ആക്കണം [പതിഞ്ഞ സ്വരത്തിലാക്കണം] എന്നാണ് ഫുഖഹാക്കളും പറഞ്ഞിട്ടുള്ളത്. എന്നാൽ فَتَحُ المُعين–ൽ ഇങ്ങനെ പറയുന്നു: '' മഅ്മൂമീങ്ങളെ പഠിപ്പിക്കുവാനോ അവർ തന്റെ ദുആക്ക് ആമീൻ ചൊല്ലുവാനോ ഉദ്ദേശിച്ചിട്ടുള്ള ഇമാം جَهْر–ആക്കി കൊള്ളണം [ഉച്ചത്തിലാക്കി കൊള്ളണം]. ആ ഉദ്ദേശം ഇല്ലാത്ത ഇമാം سِرّ–ആക്കണം [പതിഞ്ഞ സ്വരത്തിലാക്കണം]. നബി(ﷺ) ഇമാമായിരിക്കെ اِفْرَادِ–ന്റെ لَفْظ(വാക്ക്) കൊണ്ട് ദുആ ചെയ്തതായി വന്നിട്ടുള്ളതെല്ലാം اِفْرَادِ–ന്റെ لَفْظ(വാക്ക്) കൊണ്ട് ദുആ ഇരക്കുകയും അല്ലാത്ത എല്ലാ ദുആയും جَمْع–ന്റെ لَفْظ(വാക്ക്) കൊണ്ട് ദുആ ഇരക്കുകയും ആകുന്നു ഇമാം ചെയ്യേണ്ടത്. ഇങ്ങനെ ഇബ്നുഹജർ (ﷺ) തുഹ്ഫയിൽ വിവരിച്ചിരിക്കുന്നു.''

3.

നമസ്ക്കരിച്ച് സലാം ചൊല്ലിയ ഉടനെ തന്റെ പിന്നിൽ സ്ത്രീകൾ ഇല്ലാത്ത പക്ഷം ഇമാം സ്ഥലത്ത് നിന്ന് എഴുന്നേറ്റ് മാറുകയാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. അതിന് ഉദ്ദേശിക്കാത്ത പക്ഷം വലത്ത് ഭാഗം മഅ്മൂമീങ്ങളുടെ നേരെയാക്കികൊണ്ട് അവിടെ ഇരുന്ന് ദിക്റും ദുആയും ചെയ്യുന്നത് സുന്നത്താകുന്നു. ഇങ്ങനെയാണ് നബി(ﷺ)യുടെയും സഹാബത്തിന്റെ സുന്നത്തായി നമ്മുടെ ഇമാമുകൾ വിവരിച്ചിരിക്കുന്നത്.

4.

നിങ്ങളുടെ ചോദ്യത്തിൽ പറഞ്ഞ പോലെ അബൂദാവൂദ് അവർകൾ ഥൗബാൻ(ﷺ) എന്ന സ്വഹാബിയിൽ നിന്ന് നിവേദനം ചെയ്തിരിക്കുന്നതായി مِشْكَاة–ൽ ഉണ്ട്. ആ ഹദീസിന്റെ അർത്ഥം ഇങ്ങനെയാണ്:

(മൂന്ന് കാര്യം ചെയ്യുന്നത് ആർക്കും ഹലാലാകുകയില്ല, (1)വല്ലവനും ഒരു കൂട്ടം ജനങ്ങൾക്ക് ഇമാമായിട്ടുണ്ടെങ്കിൽ അവരെ കൂടാതെ തനിക്ക് സ്വന്തമായി അവൻ ദുആ ചെയ്യരുത്. അങ്ങനെ ചെയ്താൽ അവൻ അവരെ ചതിച്ചവനായി. (2) അനുവാദം ചോദിക്കുന്നതിന് മുമ്പായി യാതൊരു

ഭവനത്തിന്റെ ഉള്ളിലേക്കും ആരും നോക്കരുത് അങ്ങനെ ചെയ്താൽ അവൻ അവരെ –വീട്ടുകാരെ– ചതിച്ചവനായി. (3) കാഷ്ടിക്കുവാനോ മൂത്രിക്കുവാനോ മുട്ടിയിരുന്നാൽ ആ ആവശ്യം നിർവ്വഹിച്ച് സുഖം എടുക്കാതെ നമസ്കരിക്കരുത്).[6]

ഈ ഹദീസ് റസൂൽ(ﷺ) ഇമാമായിരിക്കെ اِفْرَادِ–ന്റ لَفْظْ (വാക്ക്) കൊണ്ട് വന്നിട്ടുള്ളതല്ലാത്ത ദുആ യിനെ കുറിച്ചാണെന്ന് വ്യക്തമാണ്. ഇബ്നു ഹജർ(﵀) തുഹ്ഫയിൽ പറഞ്ഞിരിക്കുന്നു. ഖുനൂ ത്തിലെ പോലെ മഅ്മൂമോട് ആമീൻ ചൊല്ലുവാൻ കൽപിക്കപ്പെട്ടിട്ടുള്ള ദുആ ആകുന്നു ഈ ഹദീസ് കൊണ്ട് مُرَاد–(ഉദ്ദേശം) എന്നാണ് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ(﵀) പറഞ്ഞിട്ടുള്ളത്. ഈ ഹദീസ് പ്രമാണ യോഗ്യമാണെന്ന് നമ്മുടെ ഫുഖഹാഅ് ധരിച്ചിരിക്കുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. ഈ ഹദീസ് ഇമാം തിർമിദി നിവേദനം ചെയ്യുകയും ഇതിന് حَسَن എന്ന വകുപ്പിൽ ചേർക്കുകയും ചെയ്തിരിക്കുന്നു എന്ന് شَرحُ المِنْهاج പറയുന്നു. حاشية البجيرمى على المنهاج(230)ص

ايّها الأخ السّائل!

താങ്കളുടെ ചോദ്യത്തിലെ ഈ അവസാനത്തെ വകുപ്പ് ഒഴികെയുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും അൽ ഇർശാദ് ഒന്നാം പുസ്തകം പത്താം ലക്കത്തിലും, രണ്ടാം പുസ്തകം ഒന്നും രണ്ടും ലക്കങ്ങ ളിലും കൂടി പൂർണമായി വിവരിച്ചിട്ടുണ്ട്. അല്ലാഹു(ﷻ) മുസ്ലിം സഹോദരന്മാരുടെ ഇടയിൽ നിന്ന് ഭിന്നതയെ ദൂരികരിക്കട്ടെ. آمين.

◉وصلّى الله وسلّم على خير خلقه سيدنا محمد وعلى آله وصحبه اجمعين والحمد لله ربّ العالمين ◉

---

[6] ശൈഖ് അൽബാനി(﵀) ഈ ഹദീസ് ضعيف എന്ന് അദ്ദേഹത്തിന്റെ صحيح وضعيف الجامع الصغير وزيادته എന്ന ഗ്രന്ഥത്തിൽ(6312) പ്രസ്താവിച്ചിരിക്കുന്നു.